# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

വിഷയം - ആരോഗ്യം - ജീവനക്കാര്യം - ആരോഗ്യവകുപ്പിലെ സീനിയർ എ.എ/എ.എ/അക്കൗണ്ടൻസ് ആഫീസർ/ സീനിയർ സൂപ്രണ്ട് ലേ സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ലാർക്ക് തുടങ്ങിയ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ 30/04/2017 വരെയുള്ള ഏകീകരിച്ച മുൻഗണനാപട്ടിക താത്കാലികമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന -
1) ഈ കാര്യാലയത്തിലെ ഇ.എസ് 2-2991/2017 ആ.വ.ഡ/ തീയതി.06/02/2017 - ലെ ഉത്തരവ്.
2) ഈ കാര്യാലയത്തിലെ ഇ.എസ്2-92001/2015 ആ.വ.ഡ/ തീയതി.12/02/2016 - ലെ ഉത്തരവ്.
3) ഈ കാര്യാലയത്തിലെ ഇ.എസ്2-93200/2015 ആ.വ.ഡ/ തീയതി.10/02/2015 - ലെ ഉത്തരവ്.
4) ഈ കാര്യാലയത്തിലെ 31/03/2017 വരെയുള്ള വിവിധ പ്രൊമോഷൻ ഉത്തരവുകൾ.

*ഉത്തരവ് നം.ഇ.എസ്2-28107/17/ആ.വ.ഡ/തീയതി.04/05/2017.*

ആരോഗ്യവകുപ്പിലെ സീനിയർ എ.എ/എ.എ അക്കൗണ്ട്സ് ആഫീസർ/ സീനിയർ സൂപ്രണ്ട്/ ലേ സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് തുടങ്ങിയ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ 30/04/2017 വരെയുള്ള ഏകീകരിച്ച മുൻഗണനാ പട്ടിക ഇതോടൊപ്പം അനുബന്ധം ആയി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പട്ടികയിൽ നിലവിലെ മുൻഗണനാ പട്ടികയിൽ സീനിയർ സൂപ്രണ്ട് മാരായി സ്ഥാനക്കയറ്റം ലഭിക്കാത്ത ജീവനക്കാരെയും പരാമർശം (4) പ്രകാരം സീനിയർ എ.എ മുതൽ ഹെഡ് ക്ലാർക്ക് വരെയുള്ള സ്ഥാനക്കയറ്റം ലഭിച്ചവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവ് പ്രസിദ്ധപ്പെടുത്തുന്ന കാലയളവിൽ വിരമിച്ചവർ, മറ്റുജോലി ലഭിച്ച് വകുപ്പിൽ നിന്നും വിടുതൽ ചെയ്യപ്പെട്ടവർ, ആരോഗ്യ വിദ്യാഭ്യാസവകുപ്പിലേക്ക് വിടുതൽ ചെയ്തവർ എന്നിവരെ ഒഴിവാക്കിയിട്ടുണ്ട്.

30/04/2017 വരെയുള്ള താത്കാലിക മുൻഗണനാ പട്ടിക, വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലും കേരളാ ഗസറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്. എല്ലാ ആഫീസ് മേലധികാരികളും പട്ടിക ഡൗൺലോഡ് ചെയ്ത് ആഫീസിൽ സർക്കുലേറ്റ് ചെയ്യേണ്ടതാണ്. പട്ടികയിലുൾപ്പെടാത്തവരും അപൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളവരുമായ പ്രസ്തുത വിഭാഗം ജീവനക്കാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള അനുബന്ധം 11 ൽ അപ്പീലുകൾ സമർപ്പിക്കേണ്ടതാണ്. കൂടാതെ പട്ടിക സംബന്ധിച്ച് ആക്ഷേപമുള്ളവർ ആവശ്യമായ തെളിവുകൾ

സഹിതം ഉചിതമാർഗേന പരാതികൾ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ അതാത് ജില്ലാ മെഡിക്കൽ ആഫീസർമാർ ക്രോഡീകരിച്ച് പേര്, പെൻ നമ്പർ, നിലവിവിലെ തസ്തിക, ജനനതീയതി, ജോലിയിൽ പ്രവേശിച്ച തീയതി, വിദ്യാഭ്യാസയോഗ്യത/ഡിപ്പാർട്ട്മെന്റൽ യോഗ്യത, പ്രസ്തുത തസ്തികയിലെ നിയമന ഉത്തരവ് നമ്പർ തീയതി എന്നിവ ചേർത്ത് കൊണ്ട് es2dhs@gmail.com എന്ന മെയിൽ ഐഡിയിലേക്ക് മെയിൽ അയയ്ക്കേണ്ടതാണ്. ഇവ സമർപ്പിക്കേണ്ട സമയ പരിധി പട്ടിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസം വരെയാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപ്പീലുകൾ പരിഗണിച്ച് ഭേദഗതിവരുത്തിയ മുൻഗണനാപട്ടിക അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്
ശ്രീമതി.ഉഷാറാണി.പി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

(1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
(2) ഫയൽ/കരുതൽ ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്.

9/5/17